Statement—(*cont.*)

5. Kottarakara—Ummannoor.
6. Kottayam—Thiruvarpu, Chengulom.
7. Meenachil—Poonjar, Elakkodu.
8. Thodupuzha—Karimannoor
9. Peermade—Peruvanthanam.
10. Parur.
11. Cranganoor—Eriyad.
12. Trichur—Oorakam, Marathakara, Olloor.
13. Thalapalli — Pynkulam, Desamangalam, Kadangode, Pulakode, Kurumala, Thiruvilwamala, Palloor, Pazhayanoor.
14. Chittoor—Pattancherry, Perumatty, Thiruvazhiad, Nellipilli, Thekkedesam, Kuttipallom, Peringalkuthu.
15. Nagercoil Municipal town.
16. Trivandrum City.
17. Parur Municipal town.
18. Mattancherry Municipal town.
19. Chittur-Tattamangalam Municipal town.

LIBRARY ARCHIVES Kerala Legislative Assembly

വൈക്കം ഡിസ്പെൻസറി ആശുപത്രി

*൩൯൦. (൨൨) ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വൈക്കം ഡിസ്പെൻസറി ആശുപത്രിയോടുചേർന്ന് മസൂരി, കോളറാ മുതലായ സാംക്രമികരോഗങ്ങൾ ബാധിക്കുന്നവരെ പ്രത്യേകം താമസിപ്പിച്ചു ചികിത്സിക്കുന്ന ആവശ്യത്തിനായി ഉണ്ടാക്കിയിരുന്ന കെട്ടിടം ഇപ്പോൾ സിസ്പെൻസിന്റെ താമസസ്ഥലമാക്കി മാറ്റിയിട്ടുണ്ടോ; അതുമൂലം മേൽവിവരിച്ച മാതിരിയുള്ള രോഗികളെ താമസിപ്പിക്കുന്നതിനു സ്ഥലമില്ലാതെ വന്നിരിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) ആവശ്യമുള്ള കെട്ടിടങ്ങൾ പണിചെയ്യുന്നതിനായി വേണ്ട നടപടികൾ എടുത്തു വരുന്നു.

സന്ദർശനം

*൩൯൧. (൨൩) ശ്രീ. കോന്നാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സെൻട്രൽ ഗവൺമെൻറ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയും, ബഹുമാനപ്പെട്ട ഡെപ്യൂട്ടി പ്രധാനമന്ത്രിയും കൊച്ചി സന്ദർശിച്ച സന്ദർഭത്തിൽ വിനോദപ്രകടനങ്ങളും കാഴ്ചകളും നടത്തുന്നതിനു കരാറു കൊടുത്തിട്ടുണ്ടായിരുന്നോ;

(ബി) ഉണ്ടെങ്കിൽ കരാറുകാരൻ ആരായിരുന്നു;

(സി) എന്തു സംഖ്യ ചെലവായി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല. (ബിയും സിയും) ഉദിക്കുന്നില്ല.